# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3719 19.03.2018 ൽ മറുപടിക്ക്

**ദേശീയപാതയോരത്ത് നിർമ്മാണപ്രവർത്തനങ്ങൾക്ക് നിയന്ത്രണം**

ചോദ്യം

ശ്രീ.കെ.സി.ജോസഫ്

മറുപടി

ശ്രീ.ജി.സുധാകരൻ

(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ദേശീയ പാതയോരത്ത് വീടുകളടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ | (എ) & (ബി) | ദേശീയപാതയുടെ സമീപം വീടുകളടക്കമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല. എന്നാൽ സ്ഥലം ഉടമയ്ക്ക് ദേശീയപാതയിലേക്ക് പ്രവേശന അനുമതി (access permission) സാധ്യമാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നിയമിച്ചിരിക്കുന്ന ഹൈവേ അഡ്മിനിസ്ട്രേഷനിൽ നിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ഹൈവേ അഡ്മിനിസ്ട്രേഷൻ റൂൾ 2004 ഉം നാഷനൽ ഹൈവേ (ലാന്റ് & ട്രാഫിക് ആക്ട് 2002) പ്രകാരവുമാണ്. നിലവിൽ കേരളത്തിലെ ദേശീയപാതകളുടെ അഡ്മിനിസ്ട്രേറ്ററായി റീജിയണൽ ഓഫീസർ, മോർത്ത്, തിരുവനന്തപുരത്തിനെയാണ് നിയമിച്ചിട്ടുള്ളത്. സ്വകാര്യ ഭൂമിയിലേയ്ക്കും, ഇന്ധന വിതരണ കേന്ദ്രത്തിലേയ്ക്കുമുള്ള പ്രവേശന അനുമതി കേന്ദ്ര മന്ത്രാലയത്തിന്റെ RW/NH-33023/19/99-DO-III dated 24.07.2013 ഉത്തരവ് |
| (ബി) കേന്ദ്ര റോഡ് ഗതാഗത ദേശീയ പാത മന്ത്രാലയത്തിന്റെ (മോർത്ത്) എതിർപ്പില്ലാ രേഖ സമർപ്പിച്ചാൽ മാത്രമേ ദേശീയ പാതയോരങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂവെന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; | | |

| | | |
|---|---|---|
| | | പ്രകാരമാണ്. |
| (സി) | ദേശീയ പാതയിൽ നിന്ന് എത്ര മീറ്റർ (സി) അകലം വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിയന്ത്രണം കൊണ്ടുവന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | ദേശീയപാതയിൽ നിന്നും എത്ര മീറ്റർ അകലം പാലിക്കണമെന്ന് നിശ്ചയിച്ചിട്ടില്ല. പ്രസ്തുത സ്ഥലത്തെ ജന സാന്ദ്രതയും, വാഹന സാന്ദ്രതയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ദേശീയപാതയുടെ വികസനവും കൂടി കണക്കിലെടുത്താണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകാറുള്ളത്. സംസ്ഥാനത്ത് നിലവിലുള്ള ബിൽഡിംഗ് റൂളുകളനുസരിച്ച് അനുവാദം നൽകേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് |
| (ഡി) | മോർത്തിന്റെ എൻ.ഒ.സി. ലഭിക്കുവാൻ (ഡി) അപേക്ഷാ ഫീസായി എന്ത് തുകയാണ് അടയ്ക്കേണ്ടതെന്നും സംസ്ഥാനത്ത് എൻ.ഒ.സി. നൽകുവാൻ ആരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | കേരളത്തിലെ ദേശീയപാതകളുടെ അഡ്മിനിസ്ട്രേറ്റർ ആയി റീജിയണൽ ഓഫീസർ, മോർത്ത്, തിരുവനന്തപുരത്തിനെയാണ് നിയമിച്ചിട്ടുള്ളത്. സ്വകാര്യ ഭൂമിയിലേക്കും, ഇന്ധന വിതരണ കേന്ദ്രത്തിലേയ്ക്കുമുള്ള പ്രവേശനം കേന്ദ്ര മന്ത്രാലയത്തിന്റെ RW/NH/33023/19/99-DO III dated 24.7.2013 പ്രകാരമാണ് എൻ.ഒ.സി നൽകുന്നത്. ആയതിന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ചുള്ള ഫീസ് അടയ്ക്കേണ്ടതുണ്ട്. ആയത് എല്ലാ വർഷവും പുതുക്കി നിശ്ചയിക്കാറുണ്ട്. |

S. Bindu

**സെക്ഷൻ ഓഫീസർ**